"ഭരണഭാഷ – മാതൃഭാഷ"

**അടിയന്തിരം**

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

നമ്പർ: ജി1/6661/16

ചാക്ക, തിരുവനന്തപുരം
തീയതി: 26.09.2016

## ചുറ്ററിയിപ്പ്

വിഷയം:– വ്യാവസായിക പരിശീലന വകുപ്പ്– അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2016 – പരീക്ഷ എഴുതിയ 1909 ട്രെയിനികളുടെ മാർക്കുകൾ എം.ഐ.എസ്. പോർട്ടലിൽ അപ്ലോഡ് ചെയ്യാൻ സാധിക്കാത്തത് – പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെടുന്നത് – സംബന്ധിച്ച്.

---------

ജൂലൈ 2016 ൽ നടന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന്റെ എഞ്ചിനീയറിംഗ് ഡ്രായിംഗ്/ പ്രാക്ടിക്കൽ മാർക്കുകൾ എന്നിവ അപ്ലോഡ് ചെയ്തപ്പോൾ സെമസ്റ്റർ 2,4 ലെ 1909 ട്രെയിനികളുടെ എൻട്രികൾ എം.ഐ.എസ്. പോർട്ടൽ റിജക്ട് ചെയ്തതായി കാണുന്നു. ഹാൾടിക്കറ്റുകൾ ജനറേറ്റ് ചെയ്തിട്ടില്ല എന്നും സെക്ഷണൽ മാർക്ക്/ഹാജർ/ പരീക്ഷാ ഫീസ് എന്നീ വിവരങ്ങൾ അപ്ലോഡ് ചെയ്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തണമെന്നും എം.ഐ.എസ്. ൽ നിന്നും അറിയിച്ചിരിക്കുന്നു. ടി സാഹചര്യത്തിൽ എം.ഐ.എസ്. പോർട്ടലിൽ നിന്ന് ലഭ്യമായ 'error log' ഇതോടൊപ്പം അയക്കുന്നു. 'ഹാൾടിക്കറ്റ് എലിജിബിലിറ്റി റിപ്പോർട്ടിന്റെ' അടിസ്ഥാനത്തിൽ ടി 'error log' ൽ പറയുന്ന കാര്യങ്ങൾ ബന്ധപ്പെട്ട സ്ഥാപനമേധാവികൾ 27-9-2016 ന് തന്നെ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. കൂടാതെ ടി കാര്യങ്ങൾ പരിശോധിച്ച് ഉറപ്പാക്കി എന്ന് deputydirectoroftraining@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ റിപ്പോർട്ടും നൽകേണ്ടതാണ്. ടി വിഷയം ഇന്ന് (27-9-2016) തന്നെ പരിശോധിച്ച് ഉറപ്പാക്കുന്നതിന് എല്ലാ സ്ഥാപനമേധാവികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ടി വിഷയം ട്രെയിനികളുടെ റിസൽട്ടിനെ ഗുരുതരമായി ബാധിക്കും എന്നതിനാൽ അടിയന്തര പ്രാധാന്യം ടി വിഷയത്തിൽ നൽകണമെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

ഉള്ളടക്കം:– ടി

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:– വകുപ്പ് വെബ്സൈറ്റിലേക്ക്

എസ്സ/27.09